# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 185 — 26.03.2013 ൽ മറുപടിക്ക്

**ഇ-സർട്ടിഫിക്കറ്റുകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. എ കെ ശശീന്ദ്രൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇ-സർട്ടിഫിക്കറ്റുകൾ കേന്ദ്ര സർക്കാർ ഓഫീസ് മേധാവികൾ ഉൾപ്പെടെയുള്ള വകുപ്പ് മേധാവികൾ സ്വീകരിക്കുന്നില്ലന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ ഇ-സർട്ടിഫിക്കറ്റുകൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രത്യേക നിർദ്ദേശം നൽകാൻ തയ്യാറാകുമോ ;<br><br>(സി) ഇലക്ട്രോണിക് സർട്ടിഫിക്കറ്റുകളുടെ സാധുത സംബന്ധിച്ച് 2000-ലെ ഐ.ടി. നിയമത്തിലും 2010 കേരള ഐ.ടി. ചട്ടങ്ങളിലും 2012-ലെ ഐ.ടി. നയത്തിലും ഉള്ള വ്യവസ്ഥകൾ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥന്മാരുടെ ശ്രദ്ധയിൽ പ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ? | (ബി) & (സി) | ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച് ലഭ്യമാകുന്ന ഇ-സർട്ടിഫിക്കറ്റുകൾ സ്വീകരിക്കണമെന്നും അവയ്ക്ക് 2000 ലെ ഐ.ടി. നിയമത്തിലെയും 2010 ലെ കേരള വിവരസാങ്കേതിക വിദ്യാ (ഇലക്ട്രോണിക് സേവനങ്ങളുടെ വിതരണം) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം നിയമ സാധുത ഉള്ളതാണെന്നും വ്യക്തമാക്കിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറും ഐ ടി നയ രേഖയും എല്ലാ വകുപ്പ് മേധാവികൾക്കും , സെക്രട്ടറിമാർക്കും, ബന്ധപ്പെട്ട കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്കും അയച്ചു കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ